**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കുള്ള ഇൻഷുറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ കഴിഞ്ഞ വർഷം വരെ ക്ഷീര കർഷകർക്ക് നൽകിയിരുന്ന സൗജന്യ കന്നുകാലി ഇൻഷ്വറൻസ് നിർത്തലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കർഷകരിൽ നിന്നും സൗജന്യ നിരക്കിൽ തുക ഈടാക്കികൊണ്ട് മൃഗസംരക്ഷണ വകുപ്പ്, ഗോസമൃദ്ധി NLM ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. രാജ്യത്ത് തന്നെ ഏറ്റവും കുറവ് പ്രീമിയം നിശ്ചയിച്ചിട്ടുള്ള പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ക്ഷീരവികസന വകുപ്പ് ക്ഷീര കർഷകർക്കായി ക്ഷീരസാന്ത്വനം പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ കന്നുകാലികൾക്ക് ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിന് വൻതുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ കന്നുകാലി ഇൻഷ്വറൻസിന് കന്നുകാലികളുടെ മതിപ്പുവിലയുടെ നിശ്ചിത ശതമാനം എന്ന കണക്കിലാണ് പ്രീമിയം തുക ഈടാക്കുന്നത്. ഇത് കമ്പനികളുടെ നയത്തിന്റെ ഭാഗമാണ്. എന്നാൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഗോസമൃദ്ധി - എൻ എൽ എം ഇൻഷ്വറൻസ് പദ്ധതി പ്രകാരം പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും തൽപര്യപത്രം ക്ഷണിച്ചതിനു ശേഷമാണ് പ്രീമിയം തുക നിശ്ചയിക്കുന്നത്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ എൽ എം ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ GST കൂടി ഒഴിവാക്കി മാത്രമാണ് പ്രീമിയം നിരക്ക് നിശ്ചയിക്കുന്നത്. ആയതിനാൽ തന്നെ ക്ഷീരകർഷകർക്ക് സഹായമാവും വിധം വളരെ കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് ലഭ്യമാണ്. |
| (സി) | ക്ഷീര കർഷകർക്ക് സർക്കാർ നൽകിയിരുന്ന ഇൻഷ്വറൻസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ക്ഷീര വികസന വകുപ്പ് 'ക്ഷീരസാന്ത്വനം" എന്ന പദ്ധതിയിലൂടെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് ലഭ്യമാക്കിയിരുന്നു. കന്നുകാലികൾക്കും ഉടമകൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൂടാതെ ക്ഷീരസംഘം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആയിട്ടുള്ള 'ക്ഷീര സാന്ത്വനം' ഇൻഷ്വറൻസ് പദ്ധതി 2021-22 വർഷം വരെ വകുപ്പിലൂടെ നടപ്പിലാക്കി വന്നിരുന്നു. ക്ഷീരവികസന |

| | | | |
|---|---|---|---|
| | | | വകുപ്പ്, മേഖലാ യൂണിയനുകൾ എന്നിവയുടെ സാമ്പത്തിക പങ്കാളിത്തത്തോടു കൂടി ആണ് പദ്ധതി നടപ്പിലാക്കി വന്നിരുന്നത്.<br><br>എന്നാൽ 2022-23 വർഷം ടി പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. ക്ഷീര കർഷകർക്ക് ക്ഷീരവികസനവകുപ്പ് മുഖേന നൽകിയിരുന്ന ഇൻഷ്വറൻസ് അടുത്ത സാമ്പത്തിക വർഷം (2023 -24)ക്ഷീര കർഷക ക്ഷേമനിധി ബോർഡ് വഴി നൽകാനാണ് ഉദ്ദേശിക്കുന്നത്.ക്ഷീര കർഷകർക്ക് ക്ഷീരവികസനവകുപ്പ് മുഖേന നൽകിയിരുന്ന ഇൻഷ്വറൻസ് അടുത്ത സാമ്പത്തിക വർഷം(2023-24) ക്ഷീര കർഷക ക്ഷേമനിധി ബോർഡ് വഴി നൽകാനാണ്  ഉദ്ദേശിക്കുന്നത്.<br><br>ക്ഷീര കർഷകർക്ക് സർക്കാർ മൃഗസംരക്ഷണ വകുപ്പ് വഴി നൽകിയിരുന്ന ഇൻഷ്വറൻസ് നിർത്തലാക്കിയിട്ടില്ല. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടത്തുന്ന ഗോസമൃദ്ധി - എൻ എൽ എം ഇൻഷ്വറൻസ് പദ്ധതി നിലവിൽ തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ